**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 49** **23-01-2025 - ൽ മറുപടിയ്ക്ക്**

**സി-ഡിറ്റിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിജിലൻസ് വകുപ്പിൽ നിന്നും 14.12.2020 തീയതിയായി വിജി-എ2/323/2020/വിജി. ഫയൽ നമ്പർ കത്ത് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കത്തിൽ സി-ഡിറ്റ് എംപ്ലോയീസ് ഓർഗനൈസേഷൻ നൽകിയ പരാതിയിൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കാനും പരാതിയിൽ ഏതെങ്കിലും തരത്തിലുള്ള വിജിലൻസ് അന്വേഷണം ആവശ്യമുള്ളപക്ഷം ശിപാർശ സഹിതം തിരികെ ലഭ്യമാക്കേണ്ടതുമാണ് എന്നും വിവരസാങ്കേതിക വകുപ്പിനോട് നിഷ്കർഷിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത നിർദ്ദേശമനുസരിച്ച് പരാതി പരിശോധിച്ചിരുന്നോയെന്നും തുടർന്ന് എന്തു നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ; | (സി) | പരാതി പരിശോധിച്ച് വരുന്നു. |
| (ഡി) | സി-ഡിറ്റിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വകുപ്പുതല പരിശോധന നടത്തി രണ്ടാഴ്ചക്കുള്ളിൽ റിപ്പോർട്ട് നലകണമെന്ന് 2024 ജൂലൈയിൽ വിജിലൻസ് ഐ.ടി. വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ? | (ഡി) | പരാതി പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

File No.VIG-A2/323/2020-VIG

**കേരള സർക്കാർ**

വിജി-എ2 /323/2020/വിജി

വിജിലൻസ് (എ) വകുപ്പ്,
തിരുവനന്തപുരം,
14/12/2020

പ്രേഷകൻ,

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്,

ശ്രീ വി ആർ പ്രതാപൻ
പ്രസിഡന്റ്
സി-ഡിറ്റ് എംപ്ലോയീസ് ഓർഗനൈസേഷൻ
ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം
തിരുവനന്തപുരം-695027

സർ,

വിഷയം:- വിജിലൻസ് വകുപ്പ്- സി-ഡി റ്റുമായി ബന്ധപ്പെട്ട നടക്കുന്ന ക്രമക്കേടുകളിൽ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട സി-ഡിറ്റ് എംപ്ലോയീസ് ഓർഗനൈസേഷൻ പ്രസിഡന്റ് വി.ആർ പ്രതാപൻ സമർപ്പിച്ച പരാതി -സംബന്ധിച്ച്

സൂചന:- 29.03.2017 തീയതിയിലെ സ.ഉ. (പി) 9/2017/വിജി

മേൽ വിഷയത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. 01.12.2020 തീയതിയിലെ താങ്കളുടെ പരാതി ഇതേ നമ്പർ കത്തു മുഖേന വിവരസാങ്കേതിക വകുപ്പിന് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി കൈമാറിയിട്ടുള്ള വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,
**കെ.മനോജ് കുമാർ**
**അണ്ടർ സെക്രട്ടറി**
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signature valid
Digitally signed by AJITHA BEEGUM S
Date: 2020.12.14 16:48:11 IST
Reason: Approved
സെക്ഷൻ ഓഫീസർ.

പകർപ്പ്:- 1.വിവരസാങ്കേതിക വകുപ്പ് [ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പരാതിയിൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിനും വിവരം അപേക്ഷകനെ യഥാസമയം അറിയിക്കേണ്ടതിനുമായി. പരാതിയിൽ ഏതെങ്കിലും തരത്തിലുള്ള വിജിലൻസ് അന്വേഷണം ആവശ്യമുള്ള പക്ഷം ശിപാർശ സഹിതം തിരികെ ലഭ്യമാക്കേണ്ടതാണ് ].
2.[illegible]



Generated from eOffice by RAJESH G.S, SO(IT (C)), SOT IT(C)(ITD) on 09/2023 AM 03:18 PM